പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1805 06.03.2017 ൽ മറുപടിക്ക്

## ജല ഗതാഗതം കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തോമസ് ചാണ്ടി : | ശ്രീ. എ.കെ.ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |
| (എ) കുട്ടനാട്ടിലെയും പരിസരപ്രദേശങ്ങളിലെയും ജലഗതാഗതം കാര്യക്ഷമമാക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ; | (എ) കുട്ടനാട്ടിലെയും പരിസരപ്രദേശങ്ങളിലെയും ജലഗതാഗതം കാര്യക്ഷമമാക്കാൻ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മറ്റ് യാത്രാമാർഗ്ഗങ്ങൾ നിലവിലില്ലാത്ത പ്രദേശങ്ങൾ ഉൾപ്പെടെയുള്ള കുട്ടനാടൻ മേഖലയിലെ ജനങ്ങൾക്ക് യാത്രാ സൗകര്യങ്ങൾ ഒരുക്കുന്ന തരത്തിൽ ഉള്ളതാണ് നിലവിലെ ടി മേഖലയിലെ ഷെഡ്യൂളുകളും സർവ്വീസുകളും. ടി മേഖലയിലെ സർവ്വീസുകൾ മുടക്കം കൂടാതെ നടത്തുന്നതിനായി ശ്രമിക്കുന്നു. പുതുതായി ആലപ്പുഴയിലെ പോഞ്ഞിക്കരയിൽ നിർമ്മിച്ച് പ്രവർത്തിച്ചു വരുന്ന വകുപ്പിന്റെ 4 ബോട്ടുകൾ കയറ്റാവുന്ന ഡ്രൈഡോക്കിന്റെയും 4 ബോട്ടുകൾ കയറ്റാവുന്ന സ്ലിപ്പ് വേയുടെയും സേവനം വകുപ്പ് ബോട്ടുകളുടെ അറ്റകുറ്റ പണികൾക്കായി പ്രയോജനപ്പെടുത്തി വരുന്നു. ഇതിലേയ്ക്കായി സർക്കാർ അനുവദിച്ചിട്ടുള്ള 20 ജീവനക്കാരുടെ സേവനവും കൃത്യമായി ഉപയോഗിച്ചു പോരുന്നു. നിലവിൽ ടി യാർഡിൽ 4 ബോട്ടുകൾ ഡ്രൈഡോക്കിലും 4 ബോട്ടുകൾ സ്ലിപ്പ് വേയിലും കയറ്റി മേജർ റിപ്പയർ ജോലികൾ വകുപ്പ് സ്വന്തം നിലയിൽ നടത്തി വരുന്നു. ടി യാർഡിന്റെ സേവനം പ്രയോജനപ്പെടുത്തുക വഴി ടി |

| | | | |
|---|---|---|---|
| | | | മേഖലയിൽ കൂടുതൽ മെച്ചപ്പെട്ട സേവനം നൽകുന്നതിന് വകുപ്പ് പര്യാപ്തമാകുന്നതാണ്.നിലവിൽ ആഴം കുറഞ്ഞ ബോട്ട് റൂട്ടുകളിൽ ആഴം കൂട്ടുന്നതിനായി ഇറിഗേഷൻ വകുപ്പ് മുഖേന നടപടികൾ സ്വീകരിച്ച് വരികയാണ് . |
| (ബി) | പഴയ ബോട്ടുകൾ മാറ്റി പുതിയവ സർവ്വീസിന് നൽകുന്നതിന് നടപടി ഉണ്ടാകുമോ ; | (ബി) | പഴയ ബോട്ടുകൾ മാറ്റി പുതിയവ സർവ്വീസിൽ ഉൾപ്പെടുത്തുന്നതിനായി ജി ഒ (ആർ റ്റി) നം. 450/2016/ട്രാൻസ് തീയതി 29-11-2016 പ്രകാരം പഴയ 14 ബോട്ടുകൾ മാറ്റി പുതിയ 14 ആധുനിക ബോട്ടുകൾ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | കൂടുതൽ ബോട്ട് സർവീസുകൾ നടത്തുന്നതിന് നടപടിസ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | കൂടുതൽ ബോട്ട് സർവീസുകൾ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. ആലപ്പുഴ – കുമരകം - കോട്ടയം , വൈക്കം - എറണാകുളം എന്നിങ്ങനെ രണ്ട് പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിലേയ്ക്കായി പുതിയ ബോട്ടുകളുടെ നിർമ്മാണം നടന്നു വരികയാണ് . |

സെക്ഷൻ ഓഫീസർ